**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **21-06-2024 - ൽ മറുപടിയ്ക്ക്**

**അസി.പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം പരവൂർ കോടതിയിലെ അസി.പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട തെളിവുകൾ ശേഖരിക്കണമെന്നാവശ്യപ്പെട്ട് കുടുംബാംഗങ്ങളുടേയോ മറ്റ് വ്യക്തികളുടേയോ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ അന്വേഷണം നടത്തുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.<br>അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പരവൂർ P.S ക്രൈം നം. 119/2024 U/s 174 CrPC പ്രകാരമുള്ള കേസ് 13.03.2024 തീയതി മുതൽ ക്രൈംബ്രാഞ്ചിൽ ക്രൈം നം.86/CB/TVM/2024 പ്രകാരം റീ രജിസ്റ്റർ ചെയ്ത്, CrPC Sec 174 ഭേദഗതി ചെയ്ത് 306 & 34 IPC പ്രകാരമുള്ള വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് നടന്ന വകുപ്പ് തല അന്വേഷണം സംബന്ധിച്ചും അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ടും ആരിൽ നിന്നെങ്കിലും പരാതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പുതല അന്വേഷണം തൃപ്തികരമല്ലെന്ന് അനിഷ്യയുടെ അമ്മയുടെ പരാതിയിൽ ഉന്നയിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് നടത്തിയ വകുപ്പ്തല അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (സി) | സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത ആത്മഹത്യയുമായി ബന്ധപ്പെട്ട് രാഷ്ട്രപതി ഭവനിൽ നിന്നും അന്വേഷണ നടപടികൾക്കായി സർക്കാരിന് പരാതികൾ അയച്ചു കിട്ടിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ? | (ഡി) | ഉണ്ട്. അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ടി പരാതികൾ ലഭിക്കുന്നതിനു മുൻപ് തന്നെ ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്. പ്രസ്തുത പരാതികൾക്ക് മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ